ഉത്തരം

(എ) കൊച്ചി നഗരത്തിൽ ജി.സി.ഡി.എ.യുടെ കൈവശം 62.56 ഏക്കർ സ്ഥലമുണ്ട്.

(ബി) മറൈൻ ഡ്രൈവിൽ ജി.സി.ഡി.എ.യ്ക്ക് 12.53 ഏക്കർ സ്ഥലമുണ്ട്.

(സി) കഴിഞ്ഞ 2 വർഷങ്ങൾക്കുള്ളിൽ ജി.സി.ഡി.എ. കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ പട്ടിക *അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) കൊച്ചി മറൈൻ ഡ്രൈവിലെ 59.285 സെന്റ് സ്ഥലം വില്ക്കുന്നതിനു വേണ്ടി ദിനപ്പത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് ടെണ്ടർ ക്ഷണിച്ചപ്പോൾ എക്സൽ പ്രോപ്പർട്ടീസ് എന്ന സ്ഥാപനം ടെണ്ടർ സമർപ്പിക്കുകയും അവർക്ക് അലോട്ട്മെന്റ് നടത്തുകയും അവർ ഭാഗികമായി വില അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ കൗൺസിൽ തീരുമാനപ്രകാരം അലോട്ട്മെന്റ് റദ്ദുചെയ്യുകയും അക്കാര്യത്തിലുള്ള അന്തിമ തീരുമാനം എടുക്കുന്നതിനായി സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

(ഇ) സെന്റ് ഒന്നിന് 8,01,000 രൂപ മെ.എക്സൽ പ്രോപ്പർട്ടീസിന്റെ ടെണ്ടർ മാത്രം ലഭിച്ചു.

(എഫ്) ഗവൺമെന്റിന് പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും കൃമികീടങ്ങളെ നശിപ്പിക്കുവാൻ നടപടി

119 (1588) ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും കൊതുക്, ഈച്ച, പല്ലി, എലി, മുതലായ കീടങ്ങളും ജീവികളും വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവയ്ക്കെതിരെ യാതൊരു നടപടിയും എടുക്കാത്തത് എന്തുകൊണ്ടാണ് ;

(സി) ഇത്തരം കൃമികീടങ്ങളെയും ജീവികളെയും നശിപ്പിക്കുവാൻ അടിയന്തിര നടപടിയെടുക്കുന്നതിന് നിർദ്ദേശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയെ നശിപ്പിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) എല്ലാ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്ലീൻ കേരള പദ്ധതി

120 (1589) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഗവൺമെന്റും നഗരസഭകളും എന്ത് തുക വീതം ചെലവഴിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ക്ലീൻ കേരളാ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും 25 ഗ്രാമ പഞ്ചായത്തുകളിൽ നാഷണൽ ഹൈവേയുടെ ടൗണുകൾ ഉൾപ്പെടുന്ന വാർഡുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ക്ലീൻ കേരളാ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മൂലധന ചെലവ് 2003-04, 2004-05, വാർഷിക പദ്ധതികളിലെ പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിന് എല്ലാ നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിന് 2003-04 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗരങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് നടപടി

121 (1590) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly